ഉത്തരം

(എ, ബി) അംഗൻവാടികളിലെ ഭക്ഷണവിതരണത്തിന്റെ പൂർണ്ണചുമതല ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നിക്ഷിപ്തമാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ഭക്ഷണ വിതരണ പ്രോജക്ടുകളിൽ വിവരിച്ചിട്ടുള്ള പ്രകാരമാണ് അംഗൻവാടികളിലെ കുട്ടികൾക്ക് വിതരണം നടത്തുന്നതിന് ആഹാര സാധനങ്ങൾ വാങ്ങുന്നത്. നീതി സ്റ്റോറുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ മറ്റു സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുമാണ് സാധാരണയായി അംഗൻവാടികളിലേക്ക് ആഹാര സാധനങ്ങൾ വാങ്ങുന്നത്.

കേരള സ്റ്റേറ്റ് അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട്

124 [4904] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിൽ ഇപ്പോൾ എത്ര പേർ അംഗത്വം എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ അംഗങ്ങളായവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ്. നൽകി വരുന്നത് എന്നത് സംബന്ധിച്ച സംക്ഷിപ്ത വിവരം ലഭ്യമാക്കാമോ;

(സി) ഓരോ അംഗവും എത്ര തുകയാണ് മാസത്തിൽ അടയ്ക്കണമെന്ന് വ്യവസ്ഥയുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) കണ്ണൂർ ജില്ലയിൽ എത്ര അംഗൻവാടി വർക്കേഴ്സ് ഉണ്ടെന്നും അവർക്കും ഈ വ്യവസ്ഥയിലൂടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിൽ 20971 വർക്കർമാരും 19637 ഹെൽപ്പർമാരും ചേർന്ന് ആകെ 40608 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി) വിവരം ചുവടെ കൊടുത്തിരിക്കുന്നു:

1. അംഗൻവാടിയിലെ സേവനം അവസാനിപ്പിച്ച് പിരിഞ്ഞ് പോകുമ്പോൾ ധനസഹായം നൽകുക.
2. വൈദ്യസഹായം
3. ഭവനനിർമ്മാണവായ്പ
4. വിവാഹാവശ്യത്തിനുള്ള വായ്പ
5. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വായ്പ
6. കുട്ടികളുടെ വിദ്യാഭ്യാസ പ്രോത്സാഹനം
7. അപകട സംരക്ഷണം
8. യുക്തമായ മറ്റു സഹായങ്ങൾ മുതലായ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(സി) ക്ഷേമനിധിയിലേക്ക് അംഗങ്ങളുടെ വിഹിതമായി വർക്കർമാർ പ്രതിമാസം 20 രൂപയും ഹെൽപ്പർമാർ പ്രതിമാസം 10 രൂപയും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കണ്ണൂർ ജില്ലയിൽ നിന്നും 2060 വർക്കർമാർ ക്ഷേമനിധിയിലേക്ക് അംഗങ്ങളായി ചേർന്നിട്ടുണ്ട്. അവർക്ക് സ്കീമിൽ പറഞ്ഞിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്. ആനുകൂല്യങ്ങളായി മൊത്തം 1,14,680 രൂപ കണ്ണൂർ ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

125 [4907] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ഉള്ള അംഗൻവാടികളിൽ 2003 ജൂൺ 30-ന് ഓരോന്നിലും എത്ര കുട്ടികൾ വീതം ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) സ്ഥിരം അംഗൻവാടി ടീച്ചർ, വർക്കർ എന്നീ തസ്തികകൾ ഇല്ലാത്ത എത്ര അംഗൻവാടികൾ ഓരോ പഞ്ചായത്തിലും ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

126 [4909] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിൽ 2003 ജൂൺ 30-ന് ഓരോ അംഗൻവാടിയിലും എത്ര കുട്ടികൾ വീതം ഉണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സ്ഥിരം ടീച്ചറും വർക്കറുമില്ലാത്ത അംഗൻവാടികൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

127 [4912] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി എന്തു തുക നൽകിയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly